(സി) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ 'മുക്കം റോഡിൽ' അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. രണ്ട് മാസത്തിനുള്ളിൽ ത്രിവേണി സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മാനന്തവാടി ഫാർമേഴ്സ് ബാങ്കിൽ നടന്ന മുക്കുപണ്ട പണയ ഇടപാടുമായി ബന്ധപ്പെട്ട പരാതി

8 (4063) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാനന്തവാടി ഫാർമേഴ്സ് ബാങ്കിൽ നടന്ന മുക്കുപണ്ട പണയ ഇടപാടുമായി ബന്ധപ്പെട്ട പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ ?

ഉത്തരം

മാനന്തവാടി ഫാർമേഴ്സ് സഹകരണ സംഘത്തിൽ മുക്കുപണ്ട പണയ ക്രമക്കേട് സംബന്ധിച്ച് മാനേജിംഗ് ഡയറക്ടറുടെ പരാതിയുടെ അടിസ്ഥാനത്തിൽ 23-3-2009-ക്രൈം നമ്പർ 142/09, U/S 409, 420 ഐ.പി.സി ആയി മാനന്തവാടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. അന്വേഷണത്തെ സംബന്ധിച്ച് ഭൂരിഭാഗം നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 16 പ്രതികൾ ഉള്ളതിൽ 12 പേരെ അറസ്റ്റ് ചെയ്യുകയും ഒരു പ്രതി ആത്മഹത്യ ചെയ്യുകയും ചെയ്തു. മറ്റ് മൂന്ന് പ്രതികൾ ഒളിവിലാണ്. അവരെ അറസ്റ്റ് ചെയ്യാൻ ഇനിയും കഴിഞ്ഞിട്ടില്ല.

ഈ കാര്യം സഹകരണ വിജിലൻസ് മുഖാന്തിരം അന്വേഷണം നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പോലീസ് കേസ് നിലവിലുള്ളതിനാൽ സഹകരണ വിജിലൻസ് അന്വേഷിക്കേണ്ട സാഹചര്യം ഇല്ലെന്ന് ഡി.ഐ.ജി/സഹകരണ വിജിലൻസ് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

മാനന്തവാടി ഫാർമേഴ്സ് ബാങ്കിൽ മുക്കുപണ്ടം പണയം സംബന്ധിച്ച് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ നിന്നുള്ള നിർദ്ദേശത്തെ തുടർന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് ഇൻസ്പെക്ടറെ സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന ഉദ്യോഗസ്ഥനായി നിയമിക്കുകയും അന്വേഷണ ഉദ്യോഗസ്ഥൻ 66-ാം വകുപ്പ് പ്രകാരമുള്ള പരിശോധനാ റിപ്പോർട്ടിൽ ബാങ്കിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് കണ്ടെത്തുകയും തുടർന്ന് ബാങ്ക് ഭരണ സമിതിയെ പിരിച്ചുവിടാതിരിക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ ടി നടപടികൾക്കെതിരെ ബാങ്ക് ഭരണസമിതി അംഗങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് സ്റ്റാറ്റസ്കോ പുലർത്തുന്നതിന് കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly